# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തലപ്പലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി14-969/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 11/07/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലപ്പലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം. പി14-969/2025 തീയ്യതി: 11/07/2025

# കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 04-06-2025 | 13-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-06-2025 | 13-06-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി പി. ആർ. , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി അമ്പിളി എം. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സാറാമ്മ ജോൺ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രിൻസി ആന്റണി , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എൽസമ്മ തോമസ് | പ്രസിഡന്റ് | 01-04-2024 | 01-01-2025 |
| ശ്രീമതി. സ്റ്റെല്ല ജോയ് (പ്രസിഡന്റ് ഇൻ ചാർജ്ജ്) | പ്രസിഡന്റ് | 02-01-2025 | 21-01-2025 |
| ശ്രീ. ആനന്ദ് ജോസഫ് | പ്രസിഡന്റ് | 22-01-2025 | 31-03-2025 |
| ശ്രീ.രാജീവ് ആർ | സെക്രട്ടറി | 01-04-2024 | 15-01-2025 |
| ശ്രീമതി. സിന്ധു പി എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ജയകൃഷ്ണ ജെ | കൃഷി ഓഫീസർ | 01-04-2024 | 05-08-2024 |
| ശ്രീമതി അശ്വിനി എസ് | കൃഷി ഓഫീസർ | 06-08-2024 | 07-12-2024 |
| ശ്രീ അജ്മൽ പി എം | കൃഷി ഓഫീസർ | 08-12-2024 | 31-03-2025 |
| ഡോ. ജ്യുവൽ ജോസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി. അനു ചന്ദ്രൻ | വി ഇ ഒ പ്ലാശ്ശനാൽ | 01-04-2024 | 31-03-2025 |
| ശ്രീമതി മിനി പി വിജയ് | വി ഇ ഒ മേലമ്പാറ | 01-04-2024 | 31-03-2025 |
| ശ്രീമതി ഓമന എം ഡി | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2024 | 12-08-2024 |
| ശ്രീമതി കാവ്യശ്രീ കെ എസ് | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 13-08-2024 | 31-03-2025 |
| ശ്രീ. റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ. അക്സ പി തോമസ് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. യശോദരൻ ഗോപാലൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2024 | 31-03-2025 |
| ശ്രീമതി ആര്യ എസ് ദിവാകരൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 14-08-2024 |

| | | | |
|---|---|---|---|
| ശ്രീ.ജോൺ രാഹുൽ ദാസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 15-08-2024 | 07-10-2024 |
| ശ്രീ. അനീഷ് എ | അസിസ്റ്റന്റ് എഞ്ചിനിയർ | 08-10-2024 | 21-01-2025 |
| ശ്രീ ജോൺ രാഹുൽ ജോസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 22-01-2025 | 02-02-2025 |
| ശ്രീ ജയപ്രകാശ് ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 03-02-2025 | 31-03-2025 |
| ശ്രീമതി ജെയ്മോൾ പി തോമസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-3 |
| 5 | ബാധ്യതാശീർഷകം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-4 |
| 6 | പ്രയർ പീരീഡ് വരവ് ചെലവുകൾ - നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല | 1-1-5 |
| 7 | NREGA ഭരണച്ചെലവുകൾ മുൻകൂർ - ഒന്നിലധികം ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തു | 1-1-6 |
| 8 | NREGA ഭരണ ചെലവുകൾ - ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു | 1-1-7 |
| 9 | തൻവർഷ സ്ഥിരനിക്ഷേപപലിശ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-8 |
| 10 | ഓഡിറ്റ് റിക്കവറി ശീർഷക രേഖപ്പെടുത്തലിലെ അപാകത | 1-1-9 |
| 11 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിമയത്തിലെ അപാകത | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ | 1-7 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | വസ്തു നികുതി - 2024-25 സപ്ലിമെന്ററി അസ്സസ്സ്മെന്റിലെ – അപാകതകൾ | 1-11 |
| 22 | വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല | 1-12 |
| 23 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 24 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-14 |
| 25 | ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ | 1-15 |
| 26 | ലേല നടപടികൾ പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 27 | രസീത് പ്രകാരമുള്ള പിരിവ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയില്ല | 1-17 |
| 28 | മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി | 1-18 |

| | | |
|---|---|---|
| | നടപ്പാക്കിയില്ല | |
| 29 | മാലിന്യ സംസ്കരണത്തിനായി വാങ്ങിയ വാഹനത്തിന് മഹീന്ദ്ര ലിമിറ്റഡിന് തുക നൽകിയതിൽ നിന്നും IGST തുക ഈടാക്കിയിട്ടില്ല | 1-19 |
| 30 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-20 |
| 31 | റോഡ് പ്രവത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു | 1-21 |
| 32 | ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ഉപകരണങ്ങൾ വാങ്ങിയെങ്കിലും ലാബ് പ്രവർത്തന സജ്ജമായില്ല | 1-22 |
| 33 | ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല | 1-23 |
| 34 | വീട് വാസയോഗ്യമാക്കൽ (എസ്.സി.പി)- മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താവ് പണി പൂർത്തിയാക്കിയിട്ടില്ല | 1-24 |
| 35 | ലൈഫ് ഭവനപദ്ധതിയിൽ സ്ഥലം വാങ്ങിയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചില്ല | 1-25 |
| 36 | ആയുർവേദ മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 1-26 |
| 37 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-27 |
| 38 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-28 |
| 39 | ജൽജീവൻ മിഷൻ പദ്ധതി അവലോകനം | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് പ്രീമിയം -ഈടാക്കൽ ഒടുക്ക് വിശദാംശങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |

| | | |
|---|---|---|
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1. **തലപ്പലം ഗ്രാമപഞ്ചായത്തിന്റെ** 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15/04/2025 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 22/04/2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി : 11.07.2025** **ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

## 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല.

## 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2024-25 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

## 1-1-3 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-4 ബാധ്യതാശീർഷകം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല

ബാലൻസ് ഷീറ്റ് B9 ഷെഡ്യൂൾ 350300199 Government And Other Dues Payable എന്ന ശീർഷകത്തിൽ 124006 രൂപ ബാധ്യത നിലനിൽക്കുന്നതായി കാണിച്ചിരിക്കുന്നു. എന്നാൽ കാലി ബാരൽ വിലയായ 13773 രൂപ ഒഴികെ 110233 രൂപ സർക്കാർ / വിവിധ ഫണ്ടുകളിലേയ്ക്ക് അടവാക്കിയിട്ടുള്ളതാണ്. ആയത് പ്രസ്തുത ശീർഷകത്തിൽ പ്രതിഫലിക്കുന്നില്ല.

## 1-1-5 പ്രയർ പീരീഡ് വരവ് ചെലവുകൾ - നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല

ഷെഡ്യൂൾ I-18 Prior Period Expenditure 1019037 തുകയുടെ Notes On Account വാർഷികകണക്കുകളോടൊപ്പം ലഭ്യമാക്കിയില്ല. ഷെഡ്യൂൾ I-19 Prior Period Income ൽ 64885 രൂപ വസ്തു നികുതിയിനത്തിലും 14436 രൂപ വാടകയിനത്തിലും ഡിമാൻഡിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. ആയതിനെ സാധൂകരിക്കുന്ന അനുബന്ധരേഖകൾ

വാർഷികകണക്കുകളോടൊപ്പം ലഭ്യമാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.(15/12.06.2025) ക്ക് നൽകിയ മറുപടിയിൽ വിശദാംശങ്ങൾ കൃത്യമായി ലഭ്യമാക്കിയിട്ടുണ്ട്. പ്രയർ പീരീഡ് വരവ് ചെലവുകളുടെ നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കി വാർഷികകണക്കുകളോടൊപ്പം സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-1-6 NREGA ഭരണച്ചെലവുകൾ മുൻകൂർ - ഒന്നിലധികം ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തു.**

NREGA ഭരണച്ചെലവുകൾ മുൻകൂർ നൽകൽ നിലവിൽ B-18 ഷെഡ്യൂളിൽ 460500801 (NREGA ഭരണച്ചെലവുകൾ മുൻകൂർ ശീർഷകം ) , 460509901 (Advance To Others) എന്നീ ശീർഷകങ്ങളിലായാണ് ക്രമീകരിച്ചിട്ടുള്ളത്.

**1-1-7 NREGA ഭരണ ചെലവുകൾ - ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു**

NREGA ഭരണ ചെലവുകൾക്കായി എസ് ബി ഐ (67060035865), കേരള ഗ്രാമീൺ ബാങ്ക് (40744101031025) എന്നിവിടങ്ങളിൽ അക്കൗണ്ട് നിലനിർത്തിയിട്ടുണ്ട്.

**1-1-8 തൻവർഷ സ്ഥിരനിക്ഷേപപലിശ അക്കൗണ്ട് ചെയ്തിട്ടില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 ൽ 2024-25 വർഷത്തെ സ്ഥിരനിക്ഷേപ പലിശ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-9 ഓഡിറ്റ് റിക്കവറി ശീർഷക രേഖപ്പെടുത്തലിലെ അപാകത**

2023-24 വർഷത്തെ ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ വന്ന കുറവായി ഈടാക്കിയ 49331 രൂപ ഓഡിറ്റ് റിക്കവറി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

**1-1-10 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിമയത്തിലെ അപാകത**

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിമയം നടത്തുന്ന ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ ക്രെഡിറ്റ് വന്ന 150210 രൂപ അൺടൈഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ പലിശ ഇനത്തിലെ വരവിൽ 59370 രൂപ അൺടൈഡ് വിഭാഗത്തിലും 90840 ടൈഡ് വിഭാഗത്തിലുമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ടൈഡ് വിഭാഗത്തിൽ ക്യാരി ഓവർ വിഹിതമായി ലഭിച്ച 1301000 (60500x2) രൂപയുടെ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 08.02.2024 ലെ 3(1) -ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 21.03.2025 -ലെ 1(1)-ാം തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |

| | | |
|---|---|---|
| മുന്നിരിപ്പ് | 8943678 | 19698336 |
| വരവ് | 151179000 | 36367518 |
| ആകെ | 160122678 | 56065854 |
| ചെലവ് | 151865500 | 28939930 |
| നീക്കിയിരിപ്പ് | 8257178 | 27125924 |

## 1-3 സാമ്പത്തിക വിശകലനം

തലപ്പലം ഗ്രാമപഞ്ചായത്തിന്‍റെ 2024-25 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2024-25**

| | |
|---|---|
| മുന്നിരിപ്പ് (01/04/2024) | 19698336/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 36367518/- |
| ആകെ | 56065854/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 28939930/- |
| നീക്കിയിരിപ്പ് (31/03/2025) | 27125924/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 88180979/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 84013634/- |
| പ്രവർത്തന ലാഭം (Gross Surplus) | 4167345/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 1008403/- |
| അറ്റ പ്രവർത്തന ലാഭം (Net Surplus) | 3158942/- |

**2024-25 ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 857994/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരുപ്പ് /സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13400000 | 13400000 | 12291014 | 1108986 | 91.72 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 1991000 | 1991000 | 1592907 | 398093 | 80.00 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 277000 | 277000 | 190498 | 86502 | 68.77 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9546000 | 9546000 | 4576849 | 4969151 | 47.94 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5915000 | 5915000 | 3824903 | 2090097 | 64.66 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 1496505 | 2437253 | 3933758 | 1837369 | 2096389 | 46.70 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 2376522 | 6078500 | 8455022 | 2857525 | 5597497 | 33.79 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 5450 | 15037145 | 15042595 | 15040427 | 2168 | 99.98 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 1219267 | 1440413 | 2659680 | 500000 | 2159680 | 18.80 |
| ശുചിത്വമിഷൻ ഗ്രാന്റ് | 122379 | 0 | 122379 | 122379 | 0 | 100 |
| സ്വച്ഛ് ഭാരത മിഷൻ | 0 | 108000 | 108000 | 108000 | 0 | 100 |
| ഹെൽത്ത് ഗ്രാന്റ് 1 | 932603 | 305598 | 1238201 | 215163 | 1023038 | 17.37 |
| ഹെൽത്ത് ഗ്രാന്റ് 2 | 149137 | 474432 | 623569 | 143707 | 479862 | 23.04 |
| സാക്ഷരത | 0 | 12410 | 12410 | 12410 | 0 | 100 |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിമയം നടത്തുന്ന ബാങ്ക് അക്കൗണ്ടിൽ പലിശ ഇനത്തിൽ ക്രഡിറ്റ് വന്ന 150210/- രൂപ അൺടൈഡ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ പലിശ ഇനത്തിലെ വരവിൽ 59370/- രൂപ അൺടൈഡ് വിഭാഗത്തിലും 90840/- ടൈഡ് വിഭാഗത്തിലുമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ടൈഡ് വിഭാഗത്തിൽ ക്യാരി ഓവർ വിഹിതമായി ലഭിച്ച 1301000 (60500x2) രൂപയുടെ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1636723/-രൂപ, 205655/-രൂപ 9223/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗ പത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത

നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 18.01.2024 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 04.03.2025 ലെ 84898/24/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന | 2(3)/ 21.11.2023 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 11.12.2023 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 16.12.2023 മുതൽ 04.01.2024 വരെ |
| ആസൂത്രണസമിതി യോഗം | 5.12.2023 |
| വികസനസെമിനാർ | 17.01.2024 |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 04.07.2024, മുതൽ 12.07.2024 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 14.12.2023 |
| ഊരുകൂട്ടം | 28.12.2023 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 199 | 62685139 | 129 | 33187429 | 70 | 64.82 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 1787132 | 8 | 1787132 |
| വെറ്റിനറി സർജൻ | 7 | 1675000 | 7 | 1673269 |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 16 | 3672103 | 11 | 2028534 |
| മെഡിക്കൽ ഓഫീസർ | 3 | 630000 | 3 | 538930 |

| | | | | |
|---|---|---|---|---|
| ആയുർവ്വേദം | | | | |
| വി.ഇ.ഒ | 21 | 15546409 | 18 | 6392407 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24 | 5197900 | 12 | 2781064 |
| സെക്രട്ടറി | 40 | 5415708 | 27 | 5546870 |
| അസിസ്റ്റന്റ് എൻജിനീയർ | 71 | 25905387 | 34 | 9803532 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1350000 | 2 | 1284705 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 7 | 1505500 | 7 | 1350986 |
| ആകെ | 199 | 62685139 | 129 | 33187429 |

**<u>8652829/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>**

2024-25 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച ഗ്രാന്റുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 8652829/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ക്രമീകരിക്കപ്പെട്ട തുക |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 13400000 | 12291014 | 1108986 |
| വികസന ഫണ്ട് (എസ്.സി.പി) | 1991000 | 1592907 | 398093 |
| വികസന ഫണ്ട് (ടി.എസ്.പി) | 277000 | 190498 | 86502 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9546000 | 4576849 | 4969151 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 5915000 | 3824903 | 2090097 |
| ആകെ | | | 8652829 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 86 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന സേവന മേഖലകളിൽ ഏറെ പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്ത് ഫലപ്രദവും

സമയബന്ധിതവുമായി വിനിയോഗിക്കാതെ സർക്കാർ ഗ്രാന്റിനത്തിലെ ഭീമമായ തുക നഷ്ടപ്പെടുത്തിയ നടപടി അംഗീകരിക്കാവുന്നതല്ല. ആകയാൽ ഈ വിഷയത്തിൽ വിശദീകരണം നൽകേണ്ടതും ലഭ്യമാകുന്ന സർക്കാർ ധനസഹായം നഷ്ടപ്പെടുത്തുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ നിഷ്കർഷ പുലർത്തേണ്ടതുമാണ്.

**<u>നിക്ഷേപ പ്രവൃത്തികൾ- 4245085 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>**

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 4245085/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 2370825/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 1793320/- രൂപയുടെ വിനിയോഗ വിവരവും, മറ്റ് അംഗീകൃത എജൻസികളിൽ നിക്ഷേപിച്ച 80940/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമാക്കാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണശേഷവും നിർവ്വഹണ ഏജൻസികളിൽ തുക അവശേഷിക്കുന്ന പക്ഷം ആയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം 2024-25 വർഷം 1911 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 166 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 164 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 152 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 150.40 ലക്ഷം രൂപ. 27505 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 175 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 99 അയൽക്കൂട്ടങ്ങളിൽ 74 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 468 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, ലൂസ് ബോർഡർ ചെക്ക് ഡാം നിർമ്മാണം, കയ്യാല നിർമ്മാണം, തോടുകളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികളും റോഡ്

കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തി നിർമ്മാണ പ്രോജക്ടുകളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 5450 | 1427072 | 1432522 | 1430354 | 2168 |
| ഇ.എഫ്.എം.എസ് | 0 | 13610073 | 13610073 | 13610073 | 0 |
| ആകെ | 5450 | 15037145 | 15042595 | 15040427 | 2168 |

## 1-7 സാമൂഹ്യസുരക്ഷാ പെൻഷനുകൾ

2024-25 വർഷം തലപ്പലം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 15791300 | 1081 |
| കർഷകതൊഴിലാളി പെൻഷൻ | 1352000 | 81 |
| വിധവാപെൻഷൻ | 5756200 | 367 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 275200 | 17 |
| വികലാംഗ പെൻഷൻ | 2052400 | 130 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6 (4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന തലപ്പലം പഞ്ചായത്തിൽ 04.06.2025 ന് 3.15 പി എം ന് സ്ഥാപനമേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3395/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലിവിഭജനം നടത്തുന്നുണ്ട്. ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷികപദ്ധതിയിൽ നിർവ്വഹിക്കപ്പെട്ട പ്രോജക്ടുകളിലൂടെ ലക്ഷ്യമിട്ടിരുന്ന ഭൗതികനേട്ടം കൈവരിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ മോനിട്ടറിംഗ് സംവിധാനത്തിലെ അപര്യാപ്തത മൂലം സാധിക്കുന്നില്ല.

2. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണ്. ആയതിനാൽ തൊഴിൽ നികുതി ഇനത്തിലും ലൈസൻസ് ഫീസിനത്തിലും വരുമാനം നഷ്ടം ഉണ്ടാകാൻ ഇടവരുത്തുന്നു.

3. ധനകാര്യകമ്മീഷൻ ഗ്രാന്റ് അക്കൗണ്ട് ചെയ്തതിൽ അപാകത നിലനിൽക്കുന്നു.

4. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/06/2022 | 07/2021 – 12/2021 | 27/06/2022 |
| അക്കൗണ്ടന്റ് ജനറലിന്റെഓഡിറ്റ് | 03/12/2018 - 19/12/2018 | 2006-07 മുതൽ 2017-18 വരെ | LBA(HQ)/II /8A-158/2018 തീയതി- 21/01/2019 |

## 1-11 വസ്തു നികുതി - 2024-25 സപ്ലിമെന്ററി അസ്സസ്സ്മെന്റിലെ – അപാകതകൾ

വസ്തു നികുതി - 2024-25 സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. മുഹമ്മദ് ഇബ്രാഹിം, പാളയംവീട്ടിൽ , ഈരാറ്റുപേട്ട എന്നയാളുടെ ഉടമസ്ഥതയിലുള്ള 5/244B എന്ന കെട്ടിടത്തിന് (96.52 ച.മീ) 2024-25 രണ്ടാം അർദ്ധവർഷം നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ 'ലൈബ്രറി ബിൽഡിംഗ് & ഓഫീസ് ' എന്ന ഗണത്തിൽ നികുതി ഒഴിവാക്കപ്പെട്ട ഇനത്തിൽ ആണ് കെട്ടിടം ഉൾപ്പെടുത്തിയിരിക്കുന്നത്. ഫീൽഡ് തല പരിശോധന നടത്തി കെട്ടിടത്തിന്റെ ഉപയോഗം കൃത്യമായി നിർവചിച്ച് കെട്ടിടം നികുതി ഒഴിവാക്കാൻ യോഗ്യമാണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. 2024-25 വർഷം കെട്ടിടമുറികളുടെ ഉടമാസ്ഥാവകാശം മാറ്റിയതിനാൽ തൻവർഷ സപ്ലിമെന്ററി അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതും യഥാർത്ഥത്തിൽ 2015 ഒന്നാം അർദ്ധവർഷം നികുതി നിർണ്ണയിച്ചതുമായ മാഹിൻ കെ കബീർ , കടുക്കാപ്പറമ്പിൽ , ഈരാറ്റുപേട്ട എന്നയാളുടെ ഉടമസ്ഥയിലുള്ള 7/442 A, B, C എന്നിങ്ങനെ പ്രത്യേകം നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 141.28 ച.മീ ആണ്. എന്നാൽ സഞ്ചയയിൽ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ ൽ താഴെയുള്ള ഷോപ്പുകൾ എന്ന ഗണത്തിൽ തെറ്റായി ഉൾപ്പെടുത്തിയതായി കാണുന്നു.

3. റോബിൻസൺ കെ എസ് , കൊട്ടുകാപ്പള്ളിൽ , നടയ്ക്കൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനുള്ള 9/8A എന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 373.16 ച.മീ ആണ്. ഷീജ വി കെ , വടക്കേത്തോട്ടത്തിൽ , ഇടപ്പാടി എന്നയാളുടെ ഉടമസ്ഥതയിലുള്ള

പാർപ്പിടാവശ്യത്തിനുള്ള 11/26 M എന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 333.14 ച.മീ ആണ്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് 'പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ ' എന്ന ഗണത്തിൽ പെടുത്തി ചതുരശ്ര മീറ്ററിന് 7 രൂപ നിരക്കിലാണ് 2024-25 ൽ നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത വിഭാഗത്തിന് നികുതി വിജ്ഞാപനം ചെയ്തിട്ടുള്ളത് ചതുരശ്ര മീറ്ററിന് 8 രൂപ നിരക്കിലാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 09/09.06.25) സമർപ്പിച്ച മറുപടിയിൽ ആയവ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 വസ്തു നികുതി- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ന കീഴിലുള്ള 6-ാം പട്ടിക പ്രകാരം തറവിസ്തീർണ്ണം 250 ചതുരശ്ര മീറ്ററിൽ അധികരിക്കുന്ന മേൽത്തരം തറയോടുകൂടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് 15% നികുതി വർദ്ധനവ് ബാധകമാണ്. എന്നാൽ 250 ചതുരശ്രമീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വിവിധ നമ്പരുകളായി വിഭജിച്ച് നികുതി നിർണ്ണയം നടത്തിയതിനാൽ മേൽത്തരം തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധന കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്തിനും ബാധകമായിട്ടില്ല എന്ന് സഞ്ചയ ഡേറ്റാബേസിൽ കാണുന്നു. 250 ചതുരശ്രമീറ്ററിൽ അധികമായി ഒറ്റ നമ്പരിൽ നികുതി നിർണ്ണയിക്കപ്പെടുന്ന ഭാഗത്തിന് മാത്രമാണ് 15% നികുതി വർദ്ധന കണക്കാക്കി നികുതി നിർണ്ണയിക്കപ്പെടുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമ | ഉപയോഗ ക്രമം | Plinth Area (ച.മീ) | ആകെ വിസ്തീർണ്ണം |
|---|---|---|---|---|
| 7/366A, B | ബാബു ജോർജ്ജ് , തട്ടാംപറമ്പിൽ , പ്ലാശനാൽ | പാർപ്പിടം | 366 A - 156.70 ച .മീ<br>366 B – 99.83 ച .മീ | 256.53 ച .മീ |
| 8/360 A,B | രശ്മി പുരുഷോത്തമൻ , ഗോവിന്ദവിലാസം , പ്ലാശനാൽ | പാർപ്പിടം | 360 A - 138.76 ച .മീ<br>360 B – 127.81 ച .മീ | 266.57 ച .മീ |

250 ചതുരശ്രമീറ്ററിലധികമുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടത്തിന്റെ നികുതി ഇപ്രകാരം വിഭജിച്ച് നമ്പറിങ്ങ് നടത്തുമ്പോൾ നികുതി വർദ്ധന കൃത്യമായി നൽകാൻ സാധിക്കാത്ത സാഹചര്യം വസ്തുനികുതി ഡേറ്റാബേസിൽ നിലനിൽക്കുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.9/09-06-2025)

നൽകിയതിന് മറുപടിയായി മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് കെട്ടിടത്തിനു മുഴവനായും നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ ക്രമീകരണങ്ങൾ IKM നൽകാത്തതിനാലാണ് അപാകതയുണ്ടാകുന്നതെന്ന് അറിയിച്ചു. ഈ വിഷയത്തിലുള്ള സോഫ്റ്റ്‌വെയർ അപാകത IKM വഴി നടപടി സ്വീകരിച്ച് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. അതിനു ശേഷം 2024-25 ൽ നികുതി നിർണ്ണയിച്ച ഈ ഗണത്തിൽ വരുന്ന മുഴവൻ കെട്ടിടങ്ങൾക്കും 15% നികുതി വർദ്ധനവ് ഡേറ്റാബേസിൽ ഉൾപ്പെടുത്തേണ്ടതും വർദ്ധനവ് ഉൾപ്പെടെയുള്ള നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ട് ആദായം ലഭിക്കുന്നവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൻവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | പ്രീമിയർ കാർസ് | 2024-25 I & II അർദ്ധവർഷങ്ങൾ |
| 2 | സെന്റ്. മേരീസ് ഇൻഡസ്ട്രീസ് | “ |
| 3 | ടി. ജി ഷുഗർ ട്രേഡേഴ്സ് | “ |
| 4 | കൊഴവൻമാക്കൽ ഫ്യൂവൽസ് | “ |
| 5 | പി.ആർ.ബി ടിമ്പേഴ്സ് & സോമിൽ മേലമ്പാറ | “ |
| 6 | പി.ആർ.ബി ടിമ്പർ ഡിപ്പോ | “ |
| 7 | ഐ.എ.എം എന്റർപ്രൈസസ് | “ |
| 8 | ന്യൂഫാസ്റ്റ് ഓട്ടോ കാർ വാഷ് | “ |
| 9 | മഠത്തിൽ ടൈൽ വേൾഡ് | “ |
| 10 | ചോയ്സ് സാനിവെയേഴ്സ് | “ |
| 11 | മണ്ണൂരെട്ടൊന്നിൽ ഫുവൽസ് | “ |
| 12 | കോട്ടയം മോട്ടോഴ്സ് | “ |
| 13 | കൈരളി മാർബിൾസ് | “ |

ടി വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/10.06.2025) മറുപടി ലഭ്യമാക്കിയിരുന്നു. മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി 2024-25 ലെ രണ്ട് അർദ്ധവർഷങ്ങളിലും ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കളത്തുക്കടവ് അബ്കാരി ഷാപ്പ് | 1,2 |
| 2 | കാളകെട്ടി അബ്കാരി ഷാപ്പ് | 1,2 |
| 3 | പൂവത്തോണി അബ്കാരി ഷാപ്പ് | 1,2 |
| 4 | ഈരാറ്റുപേട്ട ബ്ളോക്ക് റേഞ്ച് അബ്കാരി ഷാപ്പ് | 1,2 |
| 5 | കളത്തുക്കടവ് ക്ഷീരോൽപാദക സഹകരണ സംഘം | 1,2 |
| 6 | പനക്കപ്പാലം ക്ഷീരോൽപാദക സഹകരണ സംഘം | 1,2 |
| 7 | കയ്യൂർ ക്ഷീരോൽപാദക സഹകരണ സംഘം | 1,2 |

പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/10.06.25) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories, Trades, Entreprenuership, Activities And Other Services) ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള സ്ഥാപനങ്ങളെല്ലാം മേൽ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസോടെയല്ല ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതെന്ന് കാണുന്നു. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 357 വ്യാപാരികൾ ഉണ്ടെങ്കിലും 297 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതും ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പാക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ലൈസൻസിനു വേണ്ടിയുള്ള വിവിധ അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപത്തിനു

ആനുപാതികമായല്ലാതെ ലൈസൻസ് ഫിസ് ഈടാക്കിയതായും ഒട്ടുമിക്ക അപേക്ഷ ഫോറങ്ങളിലും മൂലധനച്ചെലവോ വിറ്റുവരവിനെ കുറിച്ചുള്ള വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ലാത്തതായും കണ്ടു. ടി അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്കു(07/10.06.2025) സമർപ്പിച്ച മറുപടിയിൽ അപേക്ഷ പൂർണ്ണമായി പൂരിപ്പിച്ചു സമർപ്പിക്കാത്തതാണു കാരണമെന്നും 15/05/2025 ലെ പ്രിൻസിപ്പൽ ഡയറക്റുടെ LSGD/PD/70990/2023-REV4 നമ്പർ പ്രകാരമുള്ള മാർഗ്ഗരേഖ, ഐ എൽ ജി എം എസ് ക്രമീകരണം എന്നിവ പ്രകാരം അപേക്ഷ നിർബന്ധമായി ഉൾപ്പെടുത്തേണ്ട രേഖയല്ലായെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടി ഉത്തരവ് ഓഡിറ്റ് വർഷത്തിനു ശേഷം പുറപ്പെടുവിച്ചതാണെന്ന വിവരം ശ്രദ്ധയിൽ പെടുത്തുന്നു. മൂലധനച്ചെലവിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ലൈസൻസ് ഫീസ് ഈടാക്കിയതിലെ കൃത്യത വ്യക്തമാകുന്നില്ല. മൂലധനച്ചെലവിനെ അടിസ്ഥാനമാക്കിയാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-16 ലേല നടപടികൾ പൂർത്തീകരിച്ചിട്ടില്ല

ചുവടെ ചേർത്തിരിക്കുന്ന മരത്തടികളുടെ ലേലവും പുനർലേലവും (ക്രമ നം. 1, 2, 3), സാമൂഹിക വനവത്കരണ വിഭാഗം നിർണയിച്ച നിരക്ക് അടിസ്ഥാനമാക്കി നടത്തിയെങ്കിലും ആരും ലേലത്തിൽ പങ്കെടുക്കുകയുണ്ടായില്ല. വില പുനർനിർണയിക്കുന്നതിനായി അസി. ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്ത് നൽകിയെങ്കിലും വനം വന്യ ജീവി വകുപ്പിന്റെ 13.12.2024 തീയതിലെ സ.ഉ(സാധാ) നം 526/2024/F&WLD ഉത്തരവിലെ ഖണ്ഡിക 2(2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭൂമിയിൽ നിൽക്കുന്ന മരങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള അനുമതി വകുപ്പിലെ അസി. എഞ്ചിനിയർക്ക് നൽകിയതായി അറിയിച്ചു. ആയത് പ്രകാരം അസി. എഞ്ചിനിയർക്ക് വിവിധ തീയതികളിൽ കത്ത് നൽകിയെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | മരം | വില | അസിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത് നൽകിയ തീയതി |
|---|---|---|---|
| 1 | ആക്കൽതോട് പുറമ്പോക്കിൽ മുറിച്ചിട്ടിരിക്കുന്ന പ്ലാവ് | II B -1468<br>II B -472 | 18.03.2025 |
| 2 | അഞ്ചൂറ്റിമംഗലം എൽ.പി സ്കൂളിനു സമീപത്തെ ആഞ്ഞിലി | I B -63270 | 25.03.2025 |
| 3 | ഫാമിലി വെൽഫെയർ സെന്ററിനു സമീപത്തെ പ്ലാവ് | തടി -31661<br>വിറക്- 936 | ലഭ്യമല്ല. |

| | | | |
|---|---|---|---|
| 4 | തെളിയമറ്റത്ത് ചെക്ക് ഡാമിന്റെ സമീപത്തെ ആഞ്ഞിലി | അസി.ഫോറസ്റ്റ് കൺസർവേറ്റർ വില നിശ്ചയിച്ചിട്ടില്ല. | 15.02.2025 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/12.06.2025) മറുപടി ലഭ്യമാക്കിയില്ല. ലേല നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-17 രസീത് പ്രകാരമുള്ള പിരിവ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയില്ല

കൃഷി ഓഫീസർക്ക് അനുവദിച്ച് നൽകിയിട്ടുള്ളതും ജൈവ വള വിതരണം എന്ന പ്രോജക്ടിന്റെ (SOO5/25) ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാൻ ഉപയോഗിച്ചതുമായ രസീത് ബുക്കിലെ നം. 12491 / 1 മുതൽ 51 വരെയുള്ള രസീതുകൾ പ്രകാരം 17775/- രൂപ വരവുണ്ട്. എന്നാൽ കളക്ഷൻ രജിസ്റ്റർ, പഞ്ചായത്തിൽ തുക അടച്ച രസീത് എന്നിവ പ്രകാരം 17100/- രൂപയാണ് അടവാക്കിയിട്ടുള്ളത് (രസീത് നം.1240101552/6.01.2025). കൂടാതെ രസീത് നം. 12491 /21, 22 ക്യാൻസൽ ചെയ്തിട്ടുള്ളതിന്റെ കാരണം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/12.06.2025) സമർപ്പിച്ച മറുപടിയിൽ 12491/16 പ്രകാരം 375/- രൂപയാണ് വാങ്ങിയതെങ്കിലും 1050/- രൂപയാണ് രസീത് ബുക്കിൽ തെറ്റായി ചേർത്തതെന്നും, രസീത് നം. 12491/21, 22 ക്യാൻസൽ ചെയ്തത് ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയിൽ താല്പര്യമില്ലാത്തതിനാലാണെന്നും അറിയിച്ചിട്ടുണ്ട്. രസീതുകൾ റദ്ദാക്കുമ്പോൾ കൃത്യമായ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ന്യൂന അടവ് സംബന്ധിച്ച വിഷയത്തിന് സമർപ്പിച്ച മറുപടി അംഗീകരിക്കാവുന്നതല്ല. 16-ാം നമ്പർ രസീതിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കുകയോ അല്ലാത്തപക്ഷം കുറവ് വന്ന തുക കൃഷി ഓഫീസറിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-18 മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിയില്ല

തലപ്പലം ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണം നടത്തുന്നതിനായി 2024-25 വർഷം 130,000/-രൂപ (V.No 22400236/9.07.2024)തനത് ഫണ്ടിൽ നിന്നും പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. 13 വാർഡുകളിലെയും ശുചിത്വ കമ്മറ്റികളുടെ വൗച്ചറുകൾ, പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ വാർഡ് 3, 4 എന്നിവയ്ക്കായി 25.07.2024 -ൽ അക്കൗണ്ടിൽ ലഭിച്ച 10,000/-രൂപ 23.12.2024 -ൽ മാത്രമാണ് വിനിയോഗിച്ചതെന്ന് വ്യക്തമായിട്ടുണ്ട്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/12.06.2025) സമർപ്പിച്ച മറുപടിയിൽ പ്രസ്തുത വാർഡുകളിലെ ശുചിത്വ കമ്മറ്റി കൺവീനർ പ്രസ്തുത കാലയളവിൽ സ്ഥലം മാറിപോയെന്നും, അക്കൗണ്ട് അദ്ദേഹത്തിന്റെ പേരിൽ ആക്കുവാൻ താമസം നേരിട്ടുവെന്നും അറിയിച്ചിട്ടുണ്ട്. പ്രത്യേക ലക്ഷ്യം മുൻനിറുത്തി അനുവദിക്കുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-19 മാലിന്യ സംസ്കരണത്തിനായി വാങ്ങിയ വാഹനത്തിന് മഹീന്ദ്ര ലിമിറ്റഡിന് തുക നൽകിയതിൽ നിന്നും IGST തുക ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം.,പേര് | 168/25 മാലിന്യ സംസ്കരണം-ഹരിത കർമ്മ<br>സേനയ്ക്ക് വാഹനം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 8,00,000/- |
| ചെലവ് | **ആകെ** 777507/- |
| ഫണ്ട് | വികസന ഫണ്ട്(സി.എഫ്.സി ടൈഡ്) |
| ബിൽ നം.-തീയതി | 755192/-**രൂപ**<br>BILL NO.284/10.03.2025<br>22315/-(Insurance), 300/13.03.2025 |

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി ഹരിത കർമ്മ സേനയ്ക്ക് മഹീന്ദ്ര ബൊലേറോ മാക്സ് പിക്ക് അപ്പ് (1.3 LXD)വാഹനം വാങ്ങുന്നതിനായി 755192/- രൂപ നൽകി. എന്നാൽ മഹീന്ദ്ര ലിമിറ്റഡിൽ നിന്നും TDS ആയി 11800/-രൂപ (IGST) ഈടാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/10.06.2025) സമർപ്പിച്ച മറുപടിയിൽ (IGST) ഇനത്തിൽ അടവാക്കേണ്ട തുക അടവാക്കി റിട്ടേൺ ഫയൽ ചെയ്താൽ മാത്രമെ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂവെന്ന് അറിയിച്ചിട്ടുണ്ട്. 2017 ലെ കേന്ദ്ര സംസ്ഥാന ജി.എസ്.ടി. നിയമങ്ങളിലെ വകുപ്പ് 51 പ്രകാരമുള്ള TDS നടപടികൾ കർശനമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത സ്ഥാപനം ഫയൽ ചെയ്ത റിട്ടേൺ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ഓഡിറ്റ് വർഷം വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് തുക, ബിൽ നമ്പർ/ വൗച്ചർ നമ്പർ | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | 188/25<br>ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21668/-(തനത്) | 21668/-<br>22400640/<br>17.12.2024 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട |
| 2 | 117/25<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | 102040/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ് ബേസിക്ക്) | 88545/-<br>51/23.07.2024 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട |

| | | | | |
|---|---|---|---|---|
| 3 | 80/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | 112,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ് ബേസിക്ക്) | 105879/- ബിൽ നം. 230/14.02.2025 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട |
| | ആകെ(1,2,3) | | 216092/- | |
| 4 | 207/25 കുഴൽക്കിണറുകൾക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ | 270,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 270,000/- ബിൽ നം.354/ 24.03.2025 | ഭൂജല വകുപ്പ്, കോട്ടയം |
| 5 | 122/25 വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 38582/- ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 38582/-, 52/23.07.24 | ഭൂജല വകുപ്പ്, കോട്ടയം |
| | ആകെ(4,5) | | 305852/- | |

പ്രസ്തുത പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെ പ്രോജക്ട് പൂർത്തീകരണ/വിനിയോഗവിവരം ലഭ്യമായിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/10.06.2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗവിവരം ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച (216092+305852=521944) 521,944/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## <u>1-21 റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തു.</u>

2024-25 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പേര് | കുറവ് ചെയ്ത ബാരൽ വില | ഫണ്ടിനം |
|---|---|---|---|---|
| 1 | 145/25 | കലേക്കണ്ടം നരിയങ്ങാനം റോഡ് റീ ടാറിംഗ് | 1600 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 2 | 148/25 | പ്ലാശനാൽ പേരൂപ്പാറ | 1400 | മെയിന്റനൻസ് ഫണ്ട് റോഡ് |

| | | | | |
|---|---|---|---|---|
| | | കാളകെട്ടി റോഡ് പുനരുദ്ധാരണം | | |
| 3 | 150/25 | അഞ്ഞൂറ്റിമംഗലം അതിരുപാറ റോഡ് റീ ടാറിംഗും പാലത്തിന് വീതി കൂട്ടലും കൈവരി നിർമ്മാണവും | 2830 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 4 | 151/25 | മേലമ്പാറ കാഞ്ഞിരപ്പാറ റോഡ് റീ ടാറിംഗ് | 566 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 5 | 152/25 | ചിറ്റാനപ്പാറ കുന്നേൽ തോട് ഭാഗം റോഡ് റീ ടാറിംഗ് | 1415 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 6 | 154/25 | മടപ്പാംതോട് ചാമപ്പാറ റോഡ് റീ ടാറിംഗും ഹാൻഡ് റെയിൽ നിർമ്മാണവും | 2500 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 7 | 158/25 | സബ് സ്റ്റേഷൻ ആശാരിപറമ്പ് റോഡ് റീകോൺക്രീറ്റിംഗും റീ ടാറിംഗും | 850 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 8 | 159/25 | കീഴമ്പാറ ചൂണ്ടച്ചേരി റോഡ് റീ ടാറിംഗ് | 3110 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 9 | 160/25 | ചിറ്റാനപ്പാറ കീഴമ്പാറ ലക്ഷംവീട് കോളനി റോഡ് റീ ടാറിംഗും കോൺക്രീറ്റിംഗും | 1130 | മെയിന്റനൻസ് ഫണ്ട് റോഡ് |
| 10 | 162/25 | നരിയങ്ങാനം കട്ടകുംപാറ റോഡ് മെയിന്റനൻസ് | 850 | മെയിന്റനൻസ് ഫണ്ട് റോഡ് |
| | ആകെ | | 16251/- | |

റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരൽ വില കുറവ് ചെയ്ത് തനത്

ഫണ്ട് അക്കൗണ്ടിൽ നിലനിർത്തിയത് ക്രമ പ്രകാരമല്ല. ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി) 177/2006 നമ്പർ ഉത്തരവ് അനുസരിച്ച് കാലി വീപ്പ വിലയായി ഈടാക്കുന്ന തുകകൾ പ്രസ്തുത പ്രോജക്ടിനു വേണ്ടി ബിറ്റുമിൻ വാങ്ങാൻ വകയിരുത്തിയ ഫണ്ടിന്റെ കണക്കു ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/10.6.25) സമർപ്പിച്ച മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. 16251/- രൂപ നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - ഉപകരണങ്ങൾ വാങ്ങിയെങ്കിലും ലാബ് പ്രവർത്തന സജ്ജമായില്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | 177/25 , ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ തുക | 247,380/- (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് തുക | 215,163/- (ഹെൽത്ത് ഗ്രാന്റ്)<br>(വൗച്ചർ നം - 22400826/11.03.25 – 11945 രൂപ<br>വൗച്ചർ നം - 22400829/11.03.25 – 127651 രൂപ<br>വൗച്ചർ നം - 22400911/30.03.25 – 75567 രൂപ) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |

പുതിയ കുടുംബാരോഗ്യ കേന്ദ്രത്തിൽ ക്രമീകരിച്ചുകൊണ്ടിരിക്കുന്ന ലാബിലേയ്ക്ക് ആവശ്യമായ ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ പ്രോജക്ട് മുഖേന വാങ്ങിയിട്ടുണ്ട്.

| ആർട്ട്കോ ഇൻവോയ്സ് നം - 337/20-01-25 | |
|---|---|
| Blood Collection Chair | 1 No |
| Bedside Screen 3 Fold | 1 No |
| ഗംഗോത്രി ഇൻഡസ്ട്രീസ് ഇൻവോയ്സ് നം - 65/20-01-25 | |
| Office Table | 1 No |
| Revolving Chair | 1 No |
| Lab Stool With Back Rest | 2 Nos |
| Storage Cupboard With Glass Door | 1 No |

ലാബ് നാളിതുവരെ സജ്ജീകരിച്ച് പ്രവർത്തന ക്ഷമമാകാത്ത സാഹചര്യത്തിൽ മേൽ ഉപകരണങ്ങൾ നിലവിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉപയോഗപ്പെടുത്താതെ സൂക്ഷിച്ചിരിക്കുകയാണെന്ന് 13/06/2025 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടു. പുതിയ കേന്ദ്രത്തിന്റെ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കുന്നതാണെന്നും ലാബ്

സജ്ജമാകുമ്പോൾ ഫർണ്ണിച്ചർ ഉപയോഗപ്പെടുത്തുന്നതാണെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു. വാങ്ങിയ സാധനങ്ങൾ യഥാവിധി അടിസ്ഥാന സൗകര്യങ്ങൾക്ക് പ്രയോജനപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതി ജനറൽ വിഭാഗത്തിന്റെ ധന സഹായ വിതരണ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 40000/- രൂപ മുൻകൂർ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | ഫണ്ടിനം |
|---|---|---|---|
| പുഷ്പലത റജി, പുന്നത്താനത്ത്, പ്ലാശനാൽ | 40000 | 25.05.2023 | വികസന ഫണ്ട് (പൊതുവിഭാഗം) |

ടി ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ (17/12.6.25)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ടി ഗുണഭോക്താവ് മരിച്ചു പോയെന്നും ഭർത്താവ് അതിനു മുൻപേ മരണപ്പെട്ടിരുന്നെന്നും അവകാശികളെ പലതവണ വിവരങ്ങൾ ധരിപ്പിച്ചിട്ടുള്ളതാണെന്നും പഞ്ചായത്ത് കമ്മറ്റിയിലും മേൽ വിവരങ്ങൾ ബോധിപ്പിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. വിഷയത്തിൽ പഞ്ചായത്ത് കമ്മറ്റി ഉചിതമായ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 വീട് വാസയോഗ്യമാക്കൽ (എസ്.സി.പി)- മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താവ് പണി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 40/25, വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) |
| അടങ്കൽ തുക | 500000/- രൂപ ( വികസന ഫണ്ട് എസ്.സി.പി ) |
| ചെലവ് തുക | 230000/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ, അമ്പാറ സർക്കിൾ |

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ടിനായി ബിൽ നമ്പർ 475/10.3.25 മുഖേന പിൻവലിച്ച 50000/- രൂപയിൽ 30000/- രൂപ ശ്രീമതി ശാന്തമ്മ പി. ജി, മുളയ്ക്കത്തറ, മേലമ്പാറ എന്ന ഗുണഭോക്താവിന് മുൻകൂർ നൽകിയതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടി ഗുണഭോക്താവ് വീട് മെയിന്റനൻസ്

പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കി ബാക്കി തുക കൈപ്പറ്റിയതായി കാണുന്നില്ല. അപാകതയിൽ വിശദീകരണം അവശ്യപ്പെട്ട് നൽകിയ (16/12.6.24)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ മേൽ പ്രോജക്ട്, 2025-26 വർഷം സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും ഗുണഭോക്താവിന്റെ വീട് മെയിന്റനൻസ് പണികൾ നടന്നുവരുന്നുണ്ടെന്നും പണി പൂർത്തിയാക്കി വാലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി തുക നൽകുന്നതാണെന്നും അറിയിച്ചു. വീട് മെയിന്റനൻസ് പണികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവനപദ്ധതിയിൽ സ്ഥലം വാങ്ങിയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചില്ല

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് ഭവന പദ്ധതിയിൽ സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകിയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചില്ലാത്തതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവ് | സ്ഥലം നൽകിയ ആൾ | അനുവദിച്ച ധനസഹായം | ബിൽ നം/ തീയതി |
|---|---|---|---|---|
| 1 | ആൻസി മാത്യു, ചവർണപൊതിയിൽ, അഞ്ഞൂറ്റിമംഗലം | സാബു ജോർജ്, തുണ്ടത്തിപ്പറമ്പിൽ, തലപ്പലം | 200000 പ്രോജക്ട് നം 1/25 | 400/ 29.1.25 |
| 2 | സുമതി തങ്കപ്പൻ, അറയ്ക്കൽ, പ്ലാശനാൽ | ജിജോ മാത്യു വെട്ടവയലിൽ, പ്ലാശനാൽ | 200000 പ്രോജക്ട് നം 1/25 | 408/ 5.2.25 |
| 3 | ലിസി ജോസഫ്, പഴൂപ്പറമ്പിൽ, മേലമ്പാറ പി.ഒ. | കെ. കെ ജോസഫ്, കടപ്ലാക്കൽ, | 200000 പ്രോജക്ട് നം 1/25 | 487/12.2.25 |
| 4 | മനോജ് എം. എം, മുളക്കുളത്ത്, കളത്തുക്കടവ് പി.ഒ | ലിസി തോമസ്, പറയൻകുഴിയിൽ, ഇടമറുക് | 200000 പ്രോജക്ട് നം 99/25 | 518/ 20.3.25 |

ടി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാതിരുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ (18/12.06.25)-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഭവന നിർമ്മാണത്തിന് ആവശ്യമായ രേഖകൾ ഹാജരാക്കി കരാർ വെയ്ക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. മേൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ആയുർവേദ മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | 86/25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

| | |
|---|---|
| അടങ്കൽ തുക | 500000/- |
| ചെലവ് തുക | 500000/- |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ബിൽ നം./തീയതി | 1/24-25 16.12.2024 |

തലപ്പലം ഗവ. ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങുന്നതിന് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡിനു (A/C No-5913005900000015) 500000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ 395743/-രൂപയുടെ (Invoice No. 90345861 /13.06.2024- 53040 രൂപ, 90368239/ 31.12.2024- 269609 രൂപ, 90375605 /26.02.2025- 73094 രൂപ ) മരുന്നു മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/11.06.2025) ജൂൺ മാസാവസാനം മരുന്ന് ലഭ്യമാകുമെന്നു മറുപടി ലഭ്യമാക്കി. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-27 വയോജനങ്ങൾക്ക് കട്ടിൽ വിതരണം പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

1)

| | |
|---|---|
| പ്രോജക്ട് നം./പേര് | 104/25 വയോജനങ്ങൾക്ക് കട്ടിൽ -എസ്.സി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക | 56550/- |
| ചെലവ് തുക | 53300/- |
| ഫണ്ട് | വികസന ഫണ്ട്(എസ്.സി.പി) |
| ബിൽ നം./തീയതി | 4/24-25 /24.07.2024 |

പ്രസ്തുത പ്രോജക്ട് പ്രകാരം 13 വ്യക്തികൾക്ക് ആർട്ട്കോയിൽ നിന്ന് 4100/-രൂപ നിരക്കിൽ കട്ടിൽ വാങ്ങി വിതരണം നടത്തിയിട്ടുണ്ട് (Inv NoKKD730/11.03.2024). അപേക്ഷകൾ പരിശോധിച്ചതിൽ ശ്രീ. സോമസുന്ദരൻ എന്ന ഗുണഭോക്താവ് പൊതു വിഭാഗത്തിൽപ്പെട്ട വ്യക്തിയാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. കൂടാതെ ടി ആനുകൂല്യം ലഭിച്ച വിജയൻ, സരോജനി രവി, സുജാത എന്നീ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/12.06.2025) മറുപടി ലഭ്യമാക്കിയില്ല.

**2)**

| | |
|---|---|
| പ്രോജക്ട് നം./പേര് | 103/25 വയോജനങ്ങൾക്ക് കട്ടിൽ -ജനറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ തുക | 282750/- |

| | |
|---|---|
| ചെലവ് തുക | 282750/- |
| ഫണ്ട് | വികസന ഫണ്ട്(പൊതുവിഭാഗം) |
| ബിൽ നം./തീയതി | 2/24-25/24.07.2024 |

പ്രസ്തുത പ്രോജക്ട് പ്രകാരം 69 പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് ആർട്ട്കോയിൽ നിന്ന് കട്ടിൽ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്(Inv NoKKD733/24.07.2024). ഇതിൽ 14 ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അവ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/12.06.2025) മറുപടി ലഭ്യമാക്കിയില്ല. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാലും അർഹത സ്ഥിരീകരിക്കാത്തതിനാലും പ്രോജക്ടുകൾക്കായി ചെലവഴിച്ച (282750+53300)= 336,050/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. പദ്ധതിയുടെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ളത് താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളുമാണ്.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ, തീയതി |
|---|---|
| 1 | G.O(Rt) No. 2132/2022/LSGD Dated 31.08.2022 |
| 2 | G.O(Rt) No. 2156/2022/LSGD Dated 01.09.2022 |
| 3 | G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 4 | G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ) |
| 5 | Circular No. FM3/138/2023/LSGD Dated 23.05.2023 |
| 6 | G.O(Rt) No. 1625/2023/LSGD Dated 09.08.2023 |

ചുവടെ ചേർക്കുംപ്രകാരമുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

തലപ്പലം ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - 4 (നരിയങ്ങാനം കുടുംബാരോഗ്യകേന്ദ്രം + 3 സബ്സെന്ററുകൾ), ഹോമിയോപ്പതി - 1, ആയുർവേദ – 1 എന്നിങ്ങനെ 6 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഇനം | ലഭ്യമായ തുക | ചെലവഴിച്ച തുക | ബാക്കി തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | 2021-22 | സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | 257380 | 225163 | 32217 | 87.48 |
| 2 | 2021-22 | സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും | 118981 | 118981 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | | ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ. | | | | |
| 3 | 2022-23 | സ്കീം3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 667000 | 0 | 667000 | 0 |
| 4 | 2022-23 | സ്കീം4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 295000 | 295000 | 0 | 100 |
| 5 | 2023-24 | സ്കീം3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 279000 | 0 | 279000 | 0 |
| 6 | 2023-24 | സ്കീം4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 470000 | 0 | 470000 | 0 |
| 7 | 2024-25 | സ്കീം3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ | 279000 | 215163 | 63837 | 77.11 |

| | | | | | | |
|---|---|---|---|---|---|---|
| | | സൗകര്യങ്ങൾ ഏർപ്പെടുത്തൽ (SO) | | | | |
| 8 | 2024-25 | സ്കീം4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (SO) | 470000 | 143707 | 326293 | 30.57 |

2023-24 സാമ്പത്തിക വർഷത്തെ തുക (സ്കീം 3, സ്കീം 4) വർഷാവസാനമാണ് ലഭ്യമായത്. ആയതിനാൽ പ്രോജക്ടുകൾ 2024-25 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3) – ഉൾപ്പെടുത്തി 2024-25 ൽ എം എൽ എ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയായി വരുന്ന പുതിയ കുടുംബാരോഗ്യ കേന്ദ്രത്തിൽ ക്രമീകരിച്ചുകൊണ്ടിരിക്കുന്ന ലാബിലേയ്ക്ക് ആവശ്യമായ ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ ലാബ് നാളിതുവരെ സജ്ജീകരിക്കാത്ത സാഹചര്യത്തിൽ മേൽ ഉപകരണങ്ങൾ നിലവിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉപയോഗപ്പെടുത്താതെ സൂക്ഷിച്ചിരിക്കുകയാണ്. ലാബ് സജ്ജമാകുന്ന മുറയ്ക്ക് ആയവ ഉപയോഗപ്പെടുത്തേണ്ടതാണ്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കേരള ഗ്രാമീൺ ബാങ്ക് , പ്ലാശനാൽ ശാഖയിൽ താഴെപ്പറയുംപ്രകാരം രണ്ട് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ഇനം | അക്കൗണ്ട് നം |
|---|---|
| സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 40744101029455 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 40744101029446 |

തലപ്പലം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളൊന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള നരിയങ്ങാനം കുടുംബാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യ വർദ്ധനവിനായി എം എൽ എ ഫണ്ട് മുഖേന പുതിയ കെട്ടിട നിർമ്മാണം ഈ വർഷം പൂർത്തിയാകും. ആകയാൽ സ്കീം 1 പ്രകാരമുള്ള ഗ്രാന്റ് കുടുംബാരോഗ്യകേന്ദ്രത്തിന് ലഭ്യമായിട്ടില്ല.

സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ

ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. സ്കീം 3 യിൽ അവശേഷിക്കുന്ന തുക പുതിയ കുടുംബാരോഗ്യകെട്ടിടത്തിൽ ലാബ് സജ്ജീകരിക്കുന്ന മുറയ്ക്ക് ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രോജക്ടുകൾക്ക് രൂപം നൽകുന്നതിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതായി കാണുന്നില്ല. ഭരണ സമിതി തലത്തിലാണ് പ്രോജക്ടുകൾ രൂപം നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടക്കാറുള്ളത്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് നിലവിലെ സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ ഭരണസമിതിയെ അറിയിക്കേണ്ടതാണ്.

ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 പ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 3 ഹെൽത്ത് വെൽനസ് സെന്ററുകളാണുള്ളത്. അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ആരോഗ്യ വർദ്ധക സേവനങ്ങളായ യോഗ, കൗൺസിലിംഗ് എന്നിവ എല്ലാ മാസവും നടത്തുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങളായ പ്രതിരോധ കുത്തിവെയ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ എന്നിവയും എല്ലാ മാസവും നടത്തി വരുന്നു. വാർഷിക ആരോഗ്യ പരിശോധനകളുടെ ഭാഗമായി ജെറിയാട്രിക് ക്ലിനിക്, വെൽവുമൺ ക്ലിനിക്, ജീവിത ശൈലി രോഗങ്ങളുടെ പരിശോധന ക്ലിനിക്, കൗമാരക്കാരുടെ ക്ലിനിക് എന്നിവ മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ നടത്തുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 8 ഇന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്.

ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗത്തിന് ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-29 ജൽജീവൻ മിഷൻ പദ്ധതി അവലോകനം

തലപ്പലം ഗ്രാമ പഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതിയ്ക്കായി സ്ഥാപന വിഹിതവും (15%) ഗുണഭോക്തൃവിഹിതവും (10%) നാളിതു വരെ അടവാക്കിയിട്ടില്ല. പഞ്ചായത്ത് പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 17/06/2022-ലെ 1/1 തീരുമാന പ്രകാരം നിലവിലെ സാഹചര്യത്തിൽ ഭീമമായ തുക ജൽജീവൻ മിഷൻ പദ്ധതിയ്ക്കായി അടവാക്കാൻ സാധിക്കില്ലെന്നും, സർക്കാരിൽ നിന്നും അധികം തുക ലഭിക്കുന്ന പക്ഷം ഗ്രാമ പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃവിഹിതവും അടവാക്കാനും തീരുമാനിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം -ഈടാക്കൽ ഒടുക്ക് വിശദാംശങ്ങൾ

മെഡിസെപ് പ്രീമിയം - ഒടുക്ക് (റെഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർകസ് |
|---|---|---|---|---|
| 12 | 82000/- | 82000/- | - | |

*01.4.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക | ഒടുക്കാൻ ബാക്കി നിൽക്കുന്നതുക | റിമാർക്സ് |
|---|---|---|---|---|---|
| | | ബാധകമല്ല. | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് 01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടങ്കിൽ ആയതുൾപ്പടെ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 7/2024 ലെ കുടിശ്ശിക 500/- രൂപ ഒടുക്കിയിട്ടുണ്ട്. | 4000/- (08/2024 മുതൽ 03/2005 വരെ) | ഇല്ല. | ക്ലാർക്ക് അഖിൽ എം 22/07/2024 തീയതിയിൽ സർവ്വീസിൽ പ്രവേശിച്ചു. 23/06/2022 ലെ 70/2022/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള സത്യവാങ്മൂലം ടിയാൻ ഹാജരാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഒന്നും രണ്ടും പോളിസി വർഷങ്ങളിലെ കുടിശ്ശിക |

| | | | | |
|---|---|---|---|---|
| | | | | ഈടാക്കിയിട്ടില്ല. |

മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024മുതലുള്ള കുടിശിക ഉൾപ്പെടെ ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ബാധകമല്ല | | | | | |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ധനകാര്യ പത്രിക 05/06/2025, 06/06/2025 തീയതികളിൽ ഓഡിറ്റ് സമയത്ത് പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2024-25) അനുബന്ധം – 1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം – 2 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31.03.2025-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിട്ടുണ്ട്.

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2024-25 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് **200,000/-**രൂപയും ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് **298,805/-** രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ലാ പഞ്ചായത്ത് | 65000/- | ശാരീരിക-മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (28/25) | 65000/- | 0 |
| | 35,000/- | ലൈഫ് ഭവന പദ്ധതി -ടി എസ് പി (3/25) | 35,000/- | 0 |

| | | | | |
|---|---|---|---|---|
| | 1,00,000/- | ലൈഫ് ഭവന പദ്ധതി-ജനറൽ(1/25) | 1,00,000/- | 0 |
| **ആകെ** | **200,000/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **200,000/-** | **0** |
| ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് | 40,000/- | ഞങ്ങളും കൃഷിയിലേക്ക്-സ്ഥിരം കൃഷിക്ക് കൂലി ചെലവ് സബ്സിഡി(8/25) | 40,000/- | 00 |
| | 50,000/- | പാലിയേറ്റീവ് പരിചരണം(14/25) | 50,000/- | 0 |
| | 84805/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (54/25) | 84805/- | 0 |
| | 100,000/- | ശാരീരിക-മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (28/25) | 100,000/- | 0 |
| | 24,000/- | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (102/25) | 24,000/- | 0 |
| **ആകെ** | **298,805/-** | **ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | **298,805/-** | **0** |

## 4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2024-25 വർഷത്തിൽ പഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, ഭൂഗർഭ ജല വകുപ്പ് എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും , വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|
| 1 | കെഎസ്ഇബി | 188/25 - ഇലക്ട്രിക്ക് പോസ്റ്റ് | 21668/- | 0 | 21668/- |

| | | | | | |
|---|---|---|---|---|---|
| | | മാറ്റി സ്ഥാപിക്കൽ | | | |
| 2 | കെഎസ്ഇബി | 117/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 88545/- | 0 | 88545/- |
| 3 | കെഎസ്ഇബി | 80/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 105879/- | 0 | 105879/- |
| | | ആകെ(1,2,3) | 216092/- | 0 | 216092/- |
| 4 | ഭൂജല വകുപ്പ് | 207/25കുഴൽക്കിണറുകൾക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ | 270,000/- | 0 | 270,000/-/- |
| 5 | ഭൂജല വകുപ്പ് | 122/25 വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം | 38582/- | 0 | 38582/- |
| | | ആകെ(4,5) | 308,582/- | 0 | 308,582/- |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ്

2024-25 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-6 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും ലോൺ രജിസ്റ്റർ പ്രകാരമുള്ള വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | 12918445/- | 400,396/- | 1238401 | - | 12,080,440/- |

2019-20 വർഷത്തിലെ ലോൺ ഇനത്തിലുള്ള തിരിച്ചടവ് തുകയായ 735294/- രൂപ ലോൺ ബാധ്യത തുകയിൽ നിന്ന് കുറവ് ചെയ്തിട്ടില്ലാത്തത് നിലവിലും ലോൺ നീക്കിയിരിപ്പിൽ ക്രമീകരിച്ചിട്ടില്ല. ആയത് പരിഹരിക്കേണ്ടതാണ്. സ്ഥാപനത്തിലെ വായ്പ കണക്കുകളും വാർഷിക കണക്കുകളും തമ്മിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 4-7 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 64837 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |

| | |
|---|---|
| പലിശ | 0 |
| ആകെ | 64837 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 64837 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം</u>**

പഞ്ചായത്ത് സ്വകാര്യ വ്യക്തികളുമായി നടന്ന മരംമുറി കേസിൽ (OS207/94) മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ [നിലവിൽ ഈരാറ്റുപേട്ട മുൻസിഫ് കോടതിയിൽ (OS/64/24 തീ.06.04.2024)] സെക്യൂരിറ്റി ആയി ലഭിച്ച 20,000/- രൂപയുടെ സ്ഥിര നിക്ഷേപമാണ് കാലാകാലങ്ങളിൽ പലിശ ഇനത്തിൽ ലഭ്യമായ തുക കൂടി ഉൾപ്പെടെ 64,837/- രൂപ. 2024-25 വർഷം പലിശയിനത്തിൽ ലഭിച്ച 3278 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല. ആയത് വാർഷികകണക്കുകളുടെ അപാകതയായി ഖ : 1-1 ൽ ചേർത്തിട്ടുണ്ട്. കോടതി വ്യവഹാരവുമായി ബന്ധപ്പെട്ട് FD സർട്ടിഫിക്കറ്റ് കോടതിയിലായതിനാൽ കോടതി തീരുമാനം എടുക്കുന്ന മുറയ്ക്ക് സ്ഥിരനിക്ഷേപം അക്കൗണ്ട് ക്ലോസ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തലപ്പലം സർവീസ് സഹകരണ ബാങ്ക്,<br>പ്ലാശ്ശനാൽ ശാഖ<br>അക്കൗണ്ട് നം. 0120000015973 | 64837 |
| ആകെ | 64837 |

## <u>4-8 ഓഡിറ്റ് റിക്കവറി</u>

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം തൻ വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## <u>4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം</u>

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## <u>4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം</u>

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## <u>4-11 ഓഡിറ്റ് പ്രത്യവലോകനം</u>

(എ) <u>സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| മുന്നിരിപ്പ് ഉൾപ്പെടെയുള്ള ഓഡിറ്റ് വർഷത്തെ ആകെ<br>വരവ്(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 56,065,854/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 28,939,930/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം<br>(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 88,180,979/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | : | 84,013,634/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 857994/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 416,065/- | ശ്രീ. ആർ. രാജീവ്, സെക്രട്ടറി |
| 1-20 | 105,879/- | ശ്രീമതി സിന്ധു പി.എ.,<br>സെക്രട്ടറി ഇൻ-ചാർജ് |
| 1-27 | 336,050/- | ശ്രീമതി. ഓമന എം.ഡി.,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | **857,994/-** | |

(സി)<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

ഇല്ല

## <u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ്

റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, 30-06-2025 ൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2000-01, 2001-02 | കെ.എസ്.എ-കെ.ടി.എം-പി.14/1767/2022/ 07.04.2017 | 3 |
| 2002-03 ചെലവ് | എൽ എഫ്.കെ.പി.7/925 /2004/04.03.05 | 4 |
| 2002-03 വരവ് | എൽ .എഫ്.കെ.പി.3/1087 /07/25.09.08 | 3 |
| 2004-05 വരവുചെലവ് | കെ.എസ്.എ.-കെ.ടി.എം.പി14(അദാ.18) 204(2)/03.02.2018 | 01 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം-പി 14/അദാ.2022/1769/26.8.22 | 01 |
| 2012-13, 2013-14 | കെ.എസ്.എ-കെ.ടി.എം-പി 14/അദാ.2022 /1170/26.8.22 | 02 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി14-823/2025(2)/ 20-05-2025 | 09 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.2-318/2017/ തീയതി: 25.3.2017 | 10 |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി.14-1924/2017, തീയതി: 23.2.2018 | 06 |
| 2017-18 | കെ.എസ്.എ-കെ.ടി.എം. പി.14-223/2019, തീയതി: 14.10.2019 | 14 |
| 2018-19 | കെ.എസ്.എ-കെ.ടി.എം. പി.14-1554/2022, തീയതി: 27.10.2022 | 09 |
| 2019-20 | കെ.എസ്.എ-കെ.ടി.എം. പി.14-767/2021, Mതീയതി: | 14 |

| | | |
|---|---|---|
| | 27.07.2022 | |
| 2020-21 | കെ.എസ്.എ-കെ.ടി.എം. പി.14-259/2022, തീയതി: 08.08.2022 | 17 |
| 2021-22 | കെ.എസ്.എ-കെ.ടി.എം. പി.14-2523/2022, തീയതി: 26.05.2023 | 18 |
| 2022-23 | കെ.എസ്.എ.- കെ.ടി.എം.പി14/2001/2023, തീയതി: 15.03.2024 | 31 |
| 2023-24 | കെ.എസ്.എ.- കെ.ടി.എം.പി14-1989/2024/ 04.03.2025 | 19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം.**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 1/1 dated 15-04-2025 and submitted on 22-04-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thalappalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thalappalam Grama Panchayat as on 31-03-2025

**Date: 11/07/2025** **Deputy Director(H.G)**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Thalappalam Grama Panchayat for the Year 2024-2025.

### 1.Major Observations

1. Documents for verification of accuracy of Panchayath General Fund are not made available for audit.
2. No authentic data is submitted for substantiating the Disclosure of Capital Contribution opening balance details as on 01/04/2024.
3. Asset register is not comprehensive and upto date.

## 2.Other Observations

1. The liabilities under the head Govt and other dues payable (350300199) of B9 schedule is not properly accounted.
2. Advance for NREGS administrative expenses is accounted in more than one head in B18 schedule.
3. Notes on account is not prepared for prior period items.
4. Two bank accounts are currently operative for NREGS administrative account.
5. The interest on Fixed Deposit for the year 2024-25 is not accounted in AFS.
6. Profession tax arrear Rs 49331/- collected in the year 2024-25 is incorrectly accounted under the head audit recovery.
7. Interest on CFC grant is incorrectly accounted under tied and untied funds instead of untied fund.

The carry over portion of Tied fund is not accounted in AFS.

**Deputy Director(H.G)**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്